# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
## ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 19

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## വായനാപക്ഷാചരണത്തിന് ജില്ലയിൽ തുടക്കം

ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ജൂൺ 19 മുതൽ ജൂലൈ 27 വരെ സംഘടിപ്പിക്കുന്ന വായനാപക്ഷാചരണത്തിന് തുടക്കമായി. ജില്ലാതല ഉദ്ഘാടനം കേരള സാഹിത്യ അക്കാദമി ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് നിർവഹിച്ചു. മനുഷ്യസമൂഹത്തെ സ്വപ്നം കാണാൻ ശീലിപ്പിച്ചത് വായനയും പുസ്തകങ്ങളുമാണെന്ന് മേരി തോമസ് അഭിപ്രായപ്പെട്ടു. മാനസികമായി പക്വതയുള്ളവരാവാൻ വായന സഹായകമാണെന്നും അവർ പറഞ്ഞു. സാങ്കേതിക സാധ്യതകൾ വായനയെ വിപുലപ്പെടുത്തകയാണുണ്ടായതെന്നും മേരി തോമസ് വ്യക്തമാക്കി. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് അംഗം ടി കെ വാസു അദ്ധ്യക്ഷത വഹിച്ചു. കേരള ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് അംഗം സുനിൽ ലാലൂർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ബി സേതുരാജ്, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ കെ വി ജ്യോതിഷ്കുമാർ, സാക്ഷരത മിഷൻ ജില്ലാ കോർഡിനേറ്റർ ശ്യാംലാൽ എന്നിവർ സംസാരിച്ചു.

ജില്ലയിലെ മികച്ച ഗ്രന്ഥശാല പ്രവർത്തകരായി തെരഞ്ഞെടുത്ത കെ വി തങ്കമ്മ (ഗ്രാമീണ വായനശാല, കോടന്നൂർ), ബേബി പ്രഭാകരൻ (ജനശക്തി വായനശാല കൂളുമുട്ടം), ടി വാസുദേവൻ (കെ എസ് ആർ എം എസ് ഗ്രാമീണ വായനശാല മായന്നൂർ), സുരേഷ് പി എ (ജനകീയ വായനശാല, പാറക്കൂട്ടം), മേരി പോൾ (ഗ്രാമീണ വായനശാല, കോട്ടപ്പടി), അഡ്വ. കെ ജി അജയകുമാർ ( മഹാത്മഗാന്ധി റീഡിംഗ് റൂം ആന്റ് ലൈബ്രറി ഇരിങ്ങാലക്കുട) എന്നിവരെയും മികച്ച ലൈബ്രേറിയനായി തെരഞ്ഞെടുത്ത എൻ കെ ഹരിശ്ചന്ദ്രയെും (ഗ്രാമീണ വായനശാല, പുത്തൻചിറ) ആദരിച്ചു. ജില്ലയിലെ മികച്ച സ്കൂൾ ലൈബ്രറികളായി തെരഞ്ഞെടുക്കപ്പെട്ട വരവൂർ ജി എൽ പി എസ്, കൊടുങ്ങല്ലൂർ ബോയ്സ് ഗവ. ഹയർ സെക്കന്ററി സ്കൂൾ, ആശാരിക്കാട് ജി യു പി എസ് സ്കൂൾ എന്നിവയ്ക്ക് 3000 രൂപയുടെ പുസ്തക കിറ്റുകൾ നൽകി. കേരളത്തിലെ മികച്ച പോലിസ്സ്റ്റേഷനായി തെരഞ്ഞെടുക്കപ്പെട്ട ചാലക്കുടി പോലിസ്സ്റ്റേഷനിൽ പുതുതായി ആരംഭിക്കുന്ന ലൈബ്രറിക്കും അതിരപ്പിള്ളി പഞ്ചായത്തിൽ ആരംഭിക്കുന്ന ട്രൈബൽ ലൈബ്രറിക്കും പുസ്തക കിറ്റുകൾ വിതരണം ചെയ്തു. ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ എൻ ഹരി സ്വാഗതവും പി എൻ പണിക്കർ ഫൗണ്ടേഷൻ കെ കെ സീതാരാമൻ നന്ദിയും പറഞ്ഞു.

## കുഞ്ഞിന്റെ മരണം;
## പോലീസ് അന്വേഷിക്കണം: മനുഷ്യാവകാശ കമ്മീഷൻ

പാമ്പുകടിയേറ്റ കുട്ടിക്ക് പ്രാഥമിക ചികിത്സ നിഷേധിച്ചതിനെ തുടർന്ന് മരിക്കാനിടയായ സംഭവത്തിൽ പോലീസ് അന്വേഷണത്തിന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു. ചാലക്കുടി സെന്റ് ജയിംസ് ആശുപത്രിയിലെ ഡോക്ടർമാർക്കെതിരെ തൃശൂർ ജില്ലാ പോലീസ് മേധാവി അന്വേഷണം നടത്തി കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ അംഗം പി. മോഹനദാസ് ഉത്തരവിട്ടു.തൃശൂർ ചട്ടികുളം കലാഞ്ചേരി വീട്ടിൽ കെ.വി. ജോസ് നൽകിയ പരാതി യിലാണ് നടപടി. ജോസിന്റെ മകൻ ആൻജോ നെൽസന് 2018 സെപ്റ്റംബർ 8 നാണ് പാമ്പുകടി യേറ്റത്. ഉടനെ ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രിയിലെത്തിച്ചെങ്കിലും കാഷ്വാലിറ്റി ഡോക്ടർ പ്രാഥമിക ചികിത്സ നൽകാതെ മുക്കാൽ മണിക്കൂറിന് ശേഷം അങ്കമാലിയിലെ ആശു പത്രിയിലേക്ക് റഫർ ചെയ്തു. വഴിമധ്യേ കുഞ്ഞ് മരിച്ചു. കമ്മീഷൻ തൃശൂർ ജില്ലാ മെഡിക്കൽ

ഓഫീസറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടു. ചാലക്കുടി സെന്റ് ജയിംസ് ആശുപത്രി ജീവനക്കാരുടെ ഭാഗത്ത് നിന്ന് കുട്ടിക്ക് ചികിത്സ നൽകുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. കുട്ടിയുടെ ആരോഗ്യനില സുരക്ഷിതമാക്കാതെ 16 കിലോമീറ്റർ അകലെയുള്ള മറ്റൊരു ആശുപത്രിയിലേക്ക് റഫർ ചെയ്തത് ഗുരുതര വീഴ്ചയാണെന്ന് റിപ്പോർട്ടിൽ പറയുന്നു. ഡോക്ടർക്ക് വീഴ്ച സംഭവിച്ചതിനാൽ പോലീസിന് അന്വേഷണം നടത്തി ഡോക്ടർക്കും ബന്ധപ്പെട്ട ജീവനക്കാർക്കുമെതിരെ നടപടി സ്വീകരിക്കാവുന്നതാണെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. നഷ്ടപരിഹാരം ആവശ്യപ്പെട്ട് കുട്ടിയുടെ അവകാശികൾക്ക് പെർമനന്റ് ലോക് അദാലത്തിൽ പരാതി നൽകാവുന്നതാണെന്നും ഉത്തരവിൽ പറഞ്ഞു.

### ജില്ലാ ആസൂത്രണ സമിതി യോഗം:
## ഹോമിയോ ഡിസ്പെൻസറികളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി

ജില്ലയിൽ ഹോമിയോപ്പതി വകുപ്പിലെ ഡിസ്പെൻസറികളിൽ എട്ടിടത്ത് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം വിപുലപ്പെടുത്താൻ ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ തീരുമാനം. നിലവിലുള്ള 53 സർക്കാർ ഡിസ്പെൻസറികളിലേയും 37 എൻ എച്ച് എം ഡിസ്പെൻസറികളിലേയും 8 ഹോമിയോപ്പതിക് ഹെൽത്ത് സെന്ററുകളിലേയും പ്രവർത്തനം കാര്യക്ഷമമാക്കും. ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഫണ്ട് അനുവദിച്ച് അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്താനും തീരുമാനമായി. ഗുരുവായൂർ നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തിലെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള 5,71,90,000 കോടി രൂപയുടെ 1953 പ്രോജക്കുകളും സൃഷ്ടിക്കാൻ തീരുമാനമായി. ഇതിനായി 126617 തൊഴിൽദിനങ്ങൾ സൃഷ്ടിക്കാനും ആസൂത്രണ സമിതി തീരുമാനിച്ചു.

ജില്ലാ പഞ്ചായത്ത്, തൃശൂർ കോർപ്പറേഷൻ, വിവിധ ബ്ലോക്കു പഞ്ചായത്തുകൾ, പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ 2019-20 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കും യോഗം അംഗീകാരം നൽകി. ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സണായ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് അധ്യക്ഷത വഹിച്ചു. ഗവ. നോമിനി എം എൻ സുധാകരൻ, ജില്ലാ പ്ലാനിങ് ഓഫീസർ ടി ആർ മായ എന്നിവർ പങ്കെടുത്തു.

## അനധികൃത മത്സ്യബന്ധനം: 0487 2441132-ൽ വിളിക്കുക

പുഴകളും തോടുകളും അഴികളും ഉൾപ്പെടെയുള്ള മത്സ്യ പ്രജനന സമയങ്ങളിൽ അവയുടെ സഞ്ചാരപഥങ്ങളിൽ തടസ്സം വരുത്തി അവയെ പിടിച്ചെടുക്കുന്നതിനും അനധികൃതമായ ഉപകരണങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് കേരള അക്വാകൾച്ചർ ആൻഡ് ഇൻലാൻഡ് ഫിഷറീസ് ആക്ട് പ്രകാരം നിരോധിച്ചിരിക്കുന്നു. ആരും തന്നെ ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടരുതെന്നും ഏർപ്പെടുന്ന വ്യക്തിക്ക് 15000 രൂപ വരെ പിഴയും കുറ്റം ആവർത്തിക്കുകയാണെങ്കിൽ ആറ് മാസം വരെ തടവും വിധിക്കും. മത്സ്യബന്ധനത്തിന് ഉപയോഗിച്ച ഉപകരണങ്ങൾ പിടിച്ചെടുക്കുന്നതിനും ഇവരുടെ പേരിൽ ഫിഷറീസ്, പോലീസ്, റവന്യൂ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കുന്നതുമാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു. മത്സ്യസമ്പത്തിന്റെ സമ്പൂർണ്ണ നാശത്തിനു കാരണമാകുന്ന ഇത്തരം പ്രവർത്തികളെ കുറിച്ച് അറിവു ലഭിക്കുന്നവർ 0487-2441132 എന്ന നമ്പറിൽ അറിയിക്കണം.

## ജില്ലയിലെ 50 സർക്കാർ സ്കൂളുകളിൽ ജലരക്ഷ ജീവരക്ഷ പദ്ധതി

ജില്ലയിലെ 50 സർക്കാർ സ്കൂളുകളിൽ ഈ അധ്യയന വർഷം മുതൽ ജലരക്ഷ ജീവരക്ഷ പദ്ധതി നടപ്പിലാക്കാൻ തീരുമാനം. ജില്ലാ ആസൂത്രണ ഭവൻ ഹാളിൽ നടന്ന ജലരക്ഷ ജീവരക്ഷ പദ്ധതി പ്രവർത്തനങ്ങളുടെ ആലോചനായോഗത്തിലാണ് തീരുമാനം. പഞ്ചായത്തുകൾ മുഖേന

മാർഗ നിർദേശങ്ങൾ നൽകി ജില്ലാ വിദ്യാഭ്യാസ വകുപ്പ്, സമഗ്ര ശിക്ഷ കേരള എന്നിവയെ ഉൾപ്പെടുത്തിയാണ് പദ്ധതിയിൽ സ്കൂളുകളെ പങ്കാളികളാക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലാണിത്. ഇതിനായി നിയോജക മണ്ഡലം, ബ്ലോക്ക് തലത്തിൽ ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്യുമെന്ന് യോഗം അറിയിച്ചു. കുട്ടികളിൽ ജലോപയോഗത്തെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി മികച്ച രീതിയിൽ നടപ്പാക്കുന്ന സ്കൂളുകൾക്ക് സമ്മാനവും നൽകും. എല്ലാ സ്കൂളുകൾക്കും ഇതിന്റെ ഭാഗമായി ജല ഉപയോഗ കലണ്ടർ നൽകാനും തീരുമാനമായി. കുട്ടികൾ വെള്ളം ഉപയോഗിക്കേണ്ട വിധം, ടാപ്പുകളിൽ നിന്ന് പാഴായി പോകുന്ന വെള്ളത്തെ നിയന്ത്രിക്കേണ്ട രീതി എന്നിങ്ങനെ അവബോധം നൽകും. ജില്ലയിലെ 12 വിദ്യാഭ്യാസ ഉപജില്ലയിലെ എ ഇ ഒമാർക്ക് ഇതുസംബന്ധിച്ച് നിർദേശം നൽകി. ജലരക്ഷ ജീവരക്ഷ പദ്ധതി സ്കൂളുകളിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി ജൂൺ 21, 22, 24 തീയതികളിൽ കിലയിൽ പരിശീലന ക്ലാസ് നടത്തും. പഞ്ചായത്ത് തലത്തിൽ നിന്ന് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സ്ഥിരം സമിതി അധ്യക്ഷന്മാർ, സ്കൂളുകളിൽ നിന്ന് അധ്യാപകർ എന്നിവരെ പരിശീലനത്തിൽ പങ്കെടുപ്പിക്കും. ബി ആർ സിയിൽ നിന്നുള്ള അധ്യാപകരെയും ഇതിൽ പങ്കാളികളാക്കും. കോളേജ് തലത്തിലും പദ്ധതി നടപ്പിലാക്കാനും യോഗം തീരുമാനിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശ് ഉദ്ഘാടനം ചെയ്തു. ജലരക്ഷ ജീവരക്ഷ നോഡൽ ഓഫീസർ പി ഡി സിന്ധു അധ്യക്ഷയായി. എ ഡി എം റെജി പി ജോസഫ്, ഗവ. നോമിനി എം എൻ സുധാകരൻ, ജില്ലാ പ്ലാനിങ് ഓഫീസർ ടി ആർ മായ എന്നിവർ പങ്കെടുത്തു.

## മത്സ്യസമൃദ്ധി: കൊടുങ്ങല്ലൂർ നഗരസഭ ഇന്ന് (ജൂൺ 20) ഏഴരലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കും

മത്സ്യസമൃദ്ധി ലക്ഷ്യമിട്ട് കൊടുങ്ങല്ലൂർ നഗരസഭ കായലിൽ ഏഴര ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നു. സംസ്ഥാന ഫിഷറീസ് വകുപ്പുമായി ചേർന്ന് നഗരസഭയുടെ കീഴിലുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ നേതൃത്വത്തിൽ കൃഷ്ണൻ കോട്ട കായലിലാണ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത്. കാര വിഭാഗത്തിൽ പെടുന്ന ചെമ്മീൻ കുഞ്ഞുങ്ങളെയാണ് ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നഗരസഭയും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് ഒഴുക്കുക. പദ്ധതിയുടെ ഉദ്ഘാടനം ഇന്ന്(ജൂൺ 20) രാവിലെ 8 മണിക്ക് ആനാപ്പുഴയിൽ നഗരസഭ ചെയർമാൻ കെ.ആർ. ജൈത്രൻ നിർവ്വഹിക്കും. മത്സ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി കഴിഞ്ഞവർഷം നാല് ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ആനാപ്പുഴയിൽ ഒഴുക്കിയിരുന്നു. നല്ല രീതിയിൽ ചെമ്മീൻ ചാകര ലഭ്യമായത് മുന്നിൽ കണ്ടാണ് ഇത്തവണ കൃഷ്ണൻ കോട്ട കായലിൽ ഒഴുക്കാൻ തീരുമാനമായത്. അഴീക്കോട് ചെമ്മീൻ ഹാച്ചറിയിൽ ഉൽപാദിപ്പിക്കപ്പെട്ട പി.എൽ 18 വിഭാഗത്തിൽപ്പെട്ട ചെമ്മീൻ കുഞ്ഞുങ്ങളെയാണ് ഒഴുക്കുക. ഇവ മൂന്നോ നാലോ മാസംകൊണ്ട് പൂർണ വലുപ്പമാകും. പൂർണ വളർച്ചയെത്തിയാൽ കിലോയ്ക്ക് 400 രൂപവരെ ഉയർന്ന വില ലഭിക്കും.

തനത് മത്സ്യങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് റാഞ്ചിംഗ്. പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് സംഭരിക്കുക എന്നതാണിതിന്റെ ലക്ഷ്യം. ഓരോ പ്രദേശത്തെയും ഫിഷറീസ് ഉദ്യോഗസ്ഥർ, മത്സ്യത്തൊഴിലാളികൾ, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ കീഴിലാണ് അതത് പ്രദേശങ്ങളിൽ ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കുക. നിയമലംഘനം നടത്തി മത്സ്യബന്ധനം നടത്തുന്നവരെ പിടികൂടുക, പ്രദേശത്തെ മത്സ്യസമ്പത്ത് കൂട്ടുവാനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നിവ ഈ കൗൺസിലിന്റെ ചുമതലയാണ്. റാഞ്ചിംഗ് പ്രകാരം ജില്ലയിൽ ആറിടത്ത് ഇത്തരത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ പദ്ധതിയുള്ളതായി ഫിഷറീസ് അസി. ഡയറക്ടർ പ്രശാന്തൻ പറഞ്ഞു. 19.2 ലക്ഷം രൂപയാണ് ഇതിന്റെ മൊത്തച്ചെലവ്. ചെമ്മീന് പുറമേ കട്‌ല, പൂമീൻ, കരിമീൻ, റോഹു, മൃഗാൾ തുടങ്ങിയ മത്സ്യങ്ങളെയും പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പറപ്പൂർ, പാറക്കടവ്, ആലപ്പിള്ളിക്കടവ്, റാഫൽക്കടവ്, ചേറ്റുവപ്പുഴ(ഏങ്ങണ്ടിയൂർ), പീച്ചി ഡാം എന്നിവിടങ്ങളിലാണ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുക. പറപ്പൂർ,പാറക്കടവ്, ആലപ്പിള്ളിക്കടവ്, റാഫൽക്കടവ് എന്നിവിടങ്ങളിൽ കാർപ്പ് മാതൃകയിൽപെട്ട കട്‌ല, റോഹു, മൃഗാൾ തുടങ്ങിയ മീൻകുഞ്ഞുങ്ങളെയും ചേറ്റുവപ്പുഴയിൽ

പൂമീൻ, പീച്ചി ഡാം റിസർവോയറിൽ ടോർപുട്ടിറ്റോർ വിഭാഗത്തിൽപ്പെട്ട മീനുകളെയും നിക്ഷേപിക്കും.

## ഐഎസ്ഒ തിളക്കവുമായി മാള ഗ്രാമപഞ്ചായത്ത്

മാള ഗ്രാമപഞ്ചായത്തിന് മികച്ച സേവനത്തിനുള്ള ഐഎസ്ഒ അംഗീകാരത്തിന്റെ വിജയത്തിളക്കം. ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡഡൈസേഷൻ മികച്ച സേവനത്തിന് ഏർപ്പെടുത്തിയിരിക്കുന്ന ബഹുമതിയാണ് ഐ എസ്ഒ 9001:2015 അംഗീകാരം. പഞ്ചായത്തിലെത്തുന്നവർക്കു
കാലതാമസമോ മറ്റ് തടസ്സങ്ങളോ ഇല്ലാതെ കാര്യങ്ങൾ നടത്തിയെടുക്കാനാകും എന്നതാണ് ഐഎസ്ഒ സർട്ടിഫിക്കേഷനിലൂടെ പൊതുജനത്തിന് ലഭിക്കുന്ന ഉറപ്പ്. ഓഫീസ് കാര്യങ്ങളെല്ലാം ഡിജിറ്റൽ ഫോർമാറ്റിലേക്ക് മാറ്റി അന്താരാഷ്ട്ര നിലവാരത്തിലേക്ക് പഞ്ചായത്ത് മാറിക്കഴിഞ്ഞു. ഇരുപതു വാർഡിന്റെയും സുതാര്യമായ ഏകോപനം ഇനി മുതൽ സാധ്യമാണ്.

ഗ്രാമവികസനം എന്ന ലക്ഷ്യത്തിലേക്കുള്ള പ്രധാന ചുവടുവയ്പ്പാണ് ഐഎസ്ഒ അംഗീകാരം. ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ എത്തുന്ന ജനങ്ങൾക്ക് കാലതാമസം ഇല്ലാതെ സേവനങ്ങൾ ഇനി മുതൽ ലഭ്യമാകും. ഇതിനായി ഫ്രണ്ട് ഓഫീസും ഹെൽപ് ഡെസ്ക് സംവിധാനവും ഏർപ്പെടുത്തി. വിവിധ ആവശ്യങ്ങളുമായി എത്തുന്നവർക്ക് വേണ്ട അപേക്ഷ ഫോമുകൾ ലഭ്യമാക്കാനും അവ പൂരിപ്പിച്ചു നൽകുന്നതിനും ഇത് സഹായകരമാകും. ടോക്കൺ സംവിധാനം, കുടിവെള്ളം, ഇരിപ്പിടം, അത്യാവശ്യം വേണ്ട മെഡിക്കൽ സേവനങ്ങൾ തുടങ്ങിയ മെച്ചപ്പെട്ട സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. ഓഫീസ് വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ആയതിനാൽ ഓരോ സേവനും നിർദ്ദേശിച്ച കാലപരിധിക്ക് മുൻപായി ജനങ്ങളിലേക്ക് എത്തുന്നു എന്നതാണ് ഏറ്റവും വലിയ പ്രത്യേകത. മികവുറ്റ ഓഫീസ് സംവിധാനം ഇനി മുതൽ പഞ്ചായത്തിന്റെ മുഖമുദ്രയാകും. ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്ന റെക്കോർഡ് റൂം ഇതിനകം സജ്ജീകരിച്ചു കഴിഞ്ഞു. നികുതി പിരിവ്, ഫണ്ട് വിനിയോഗം, വികസനാസൂത്രണം തുടങ്ങിയ നടപടികളെല്ലാം കൂടുതൽ കാര്യക്ഷമമാക്കും. നടപടി ക്രമങ്ങളെക്കുറിച്ചു വിവരങ്ങൾ അറിയുന്നതിന് പൊതുജന സൗകര്യം മുന്നിൽക്കണ്ടു വിവരാവകാശ നിയമ പ്രകാരമുള്ള സേവനങ്ങളും ഉറപ്പാക്കിയിട്ടുണ്ട്. പഞ്ചായത്ത് അംഗങ്ങളുടെ പേരും ഫോൺ നമ്പറും ഓഫീസിനു മുന്നിലായി സ്ഥാപിച്ചിരിക്കുന്നു. ഓഫീസ് അധികൃതരുടെ പേരും ഹാജർ വിവരങ്ങളും ഓഫീസിൽ എത്തുന്ന ഏതൊരാൾക്കും കാണാവുന്ന രീതിയിലാണ് സജ്ജീകരിച്ചിരിക്കുന്നത്.

ഐഎസ്ഒ അംഗീകാരത്തിലേക്കുള്ള ആദ്യപടിയായി പഞ്ചായത്ത് പൗരത്വ സർവ്വേ നടത്തി. ഗ്രാമസഭകളിലും മെമ്പർമാർ മുഖാന്തരം ഫോറം വിതരണം ചെയ്തു. ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി. ജനപ്രതിനിധികളുടെ തൃപ്തിപരമായ സേവനം, തൊഴിലുറപ്പ് പദ്ധതി നിർവഹണം, ഓൺലൈൻ സൗകര്യങ്ങൾ, നോട്ടീസ് ബോർഡ് അറിയിപ്പ്, പഞ്ചായത്ത് പരിസരത്തെ പാർക്കിംഗ് സൗകര്യം തുടങ്ങി 28 ചോദ്യങ്ങളടങ്ങിയ ഫോറം പൂരിപ്പിച്ചു കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയത്.

1953 ലാണ് മാള പഞ്ചായത്ത് രൂപീകൃതമായത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും ജനങ്ങൾ ക്കിടയിലേക്ക് പോരായ്മകൾ വിശകലനം ചെയ്യാൻ നേരിട്ട് ഇറങ്ങിച്ചെന്നുമാണ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഇപ്പോഴെത്തിയിട്ടുള്ളത്. സദ്ഭരണം ലക്ഷ്യമാക്കി പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ സമൂഹത്തിൻെറ എല്ലാ തലങ്ങളിലേക്കും എത്തിക്കുകയാണ് ഐഎസ്ഒ നിലവാരത്തിലുള്ള പഞ്ചായത്തിന്റെ ഗുണമേന്മ നയം. ജില്ലയിലെ ആദ്യത്തെ ബാല സൗഹൃദ പഞ്ചായത്ത്, ശുചിത്വ മിഷൻ നിർമൽ പുരസ്കാരം, നൂറു ശതമാനം പദ്ധതി ഫണ്ട് വിനിയോഗം എന്നി നേട്ടങ്ങൾ മാള പഞ്ചായത്തിന്റെ ചരിത്രത്തിലെ നേട്ടങ്ങളാണ്. നിലവിൽ ഉണ്ടായിരുന്ന പോരായ്മകളെയെല്ലാം മറികടക്കാൻ സാധിച്ചതിനാലാണ് ഐഎസ്ഒ അംഗീകാരം നേടാനായതെന്നു പഞ്ചായത്ത് പ്രസിഡന്റ് പി. കെ. മോഹനൻ പറഞ്ഞു. തുടർന്നും മികച്ച സേവങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ പഞ്ചായത്തിലെ ഓരോ അംഗങ്ങളും ഉദ്യോഗസ്ഥരും ബാധ്യസ്ഥരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ടെണ്ടർ

വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള ചേർപ്പ് ഐസിഡിഎസ് കാര്യാലയത്തിന്റെ ഔദ്യോഗിക ആവശ്യത്തിനായി 2019-20 സാമ്പത്തിക വർഷം വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിന് മത്സര സ്വഭാവമുള്ള മുദ്രവെച്ച ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 27. ഫോൺ : 0487-2348388.

## ഗവ. ഐടിഐ:
## അപേക്ഷ ക്ഷണിച്ചു

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എടത്തിരുത്തി ഗവ. ഐടിഐയിൽ ദ്വിവത്സര കോഴ്സായ ഇലക്ട്രീഷൻ ട്രേഡിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: എസ്എസ്എൽസി. പ്രവേശനം ലഭിക്കുന്നവർക്ക് പരിശീലനം പൂർണ്ണമായും സൗജന്യമാണ്. ഉച്ചഭക്ഷണം, പോഷകാഹാരം എന്നിവ സ്ഥാപനത്തിൽ നിന്നും നൽകും. സ്റ്റൈപ്പന്റ്, ലംപ്സംഗ്രാൻഡ്, യൂണിഫോം അലവൻസ്, സ്റ്റഡി ടൂർ അലവൻസ് തുടങ്ങിയ ആനുകൂല്യങ്ങളും ലഭിക്കും. അപേക്ഷഫോം ഐടിഐയിൽ നിന്നും ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 29. ഫോൺ : 0480-2870252, 9497068385.

## സൗജന്യ ടെക്നിക്കൽ സെഷൻ

കോഴിക്കോട് കെൽട്രോൺ നോളജ് സെന്ററിൽ ലിനക്സ്, പിഎച്ച്പി ടെക്നോളജികളിൽ ഏകദിന സൗജന്യ ടെക്നിക്കൽ സെഷൻ ജൂൺ 22 രാവിലെ 10 ന് നടത്തും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 8089245760 എന്ന നമ്പറിൽ ബന്ധപ്പെടണം.

## ക്വട്ടേഷൻ

ഈ സാമ്പത്തികവർഷം മുല്ലശ്ശേരി ഐസിഡിഎസ് പ്രോജക്ടിൽ കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 29 ഉച്ചയ്ക്ക് ഒരു മണി. ഫോൺ : 0487-2265570.

## വാഹനം: ടെണ്ടർ ക്ഷണിച്ചു

ഐസിഡിഎസ് ജില്ലാ ഓഫീസ് ആവശ്യത്തിനായി ഈ സാമ്പത്തിക വർഷം വാഹനം വാടകയ്ക്ക് നൽകാൻ താൽപര്യമുള്ളവരിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. സ്ഥാപനങ്ങൾക്കും പങ്കെടുക്കാം. അടങ്കൽ തുക 225000 രൂപ. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 25 വൈകീട്ട് മൂന്ന് മണി. വിലാസം ജില്ലാതല ഐസിഡിഎസ് സെൽ, മിനി സിവിൽ സ്റ്റേഷൻ, ചെമ്പൂക്കാവ്, തൃശൂർ. ഫോൺ : 0487-2321689.

## ദർഘാസ്

വനിതാ ശിശു വികസന വകുപ്പിന് കീഴിൽ അന്തിക്കാട് ശിശുവികസന പദ്ധതി കാര്യാലയത്തിലെ ആവശ്യത്തിനായി ഈ സാമ്പത്തിക വർഷം ടാക്സി പെർമിറ്റുള്ള വാഹനം ലഭ്യമാക്കാൻ ദർഘാസ് ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 28 ഉച്ചയ്ക്ക് രണ്ടു മണി. ഫോൺ : 0487-2638800.

## ഡിഎൽഎഡ്:
## അഭിമുഖം 24 ന്

ഈ വർഷത്തെ ടീച്ചേഴ്സ് ട്രെയിനങ് കോഴ്സ് (ഡിഎൽഎഡ്) പ്രവേശനത്തിനുള്ള അഭിമുഖം ജൂൺ 24 രാവിലെ 11 ന് തൃശൂർ സിഎംഎസ്എച്ച്എസ്എസിൽ വച്ച് നടത്തും.

താൽപര്യമുള്ളവർ അസ്സൽ രേഖകൾ സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾ തൃശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ : 0487-2360810.

## കാന്റീൻ ക്വട്ടേഷൻ

തൃശൂർ ജില്ലാ കോടതി സമുച്ചയത്തിൽ 2019 ജൂലൈ ഒന്നു മുതൽ 2020 ജൂൺ 30 വരെ കാന്റീൻ നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ ജൂൺ 27 വൈകീട്ട് മൂന്ന് മണിക്കകം ജില്ലാ ജഡ്ജ്, ജില്ലാ കോടതി, തൃശൂർ 680 003 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ : 0487-2360248.

## സസ്പെൻഡ് ചെയ്തു

തൊഴിൽരഹിത വേതന വിതരണത്തിലെ ക്രമക്കേടിനെ തുടർന്ന് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് സൈജു പി സിയെ തൃശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 2019 ജൂൺ 11 മുതൽ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തു. സൈജു 2019 മാർച്ചിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിൽ അപാകതകളും ക്രമക്കേടുകളും കണ്ടെത്തിയതായി പഞ്ചായത്ത് വകുപ്പിലെ പെർഫോമൻസ് ഓഡിറ്റ് വിഭാഗം സീനിയർ സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിനെ തുടർന്നാണ് 1960 ലെ കേരള സിവിൽ സർവീസ് (ക്ലാസിഫിക്കേഷൻ , കൺട്രോൾ ആൻഡ് അപ്പീൽ) ചട്ടം 10 പ്രകാരം അന്വേഷണത്തിനും  അച്ചടക്കനടപടികൾക്കും മുന്നോടിയായി സസ്പെൻഡ് ചെയ്ത്. തൊഴിൽ രഹിത വേതന ഗുണഭോക്താക്കൾക്ക് വേതനം വിതരണം ചെയ്തതായി കാണിക്കുക എന്നാൽ അക്വിറ്റിൻസ് രജിസ്റ്ററിൽ അവരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുക, ഒരു ഗുണഭോക്താവിന് തന്നെ തൊഴിൽരഹിത വേതനം രണ്ട് തവണ നൽകിയതായി രേഖപ്പെടുത്തുക, ഒരേ ഗുണഭോക്താവ് തന്നെ മുൻ വർഷങ്ങളിൽ ഇട്ട ഒപ്പും ഇപ്പോഴത്തെ ഒപ്പും തമ്മിൽ വ്യത്യാസമുള്ളതായും കാണുക എന്നിങ്ങനെയുള്ള ക്രമക്കേടുകളാണ് കണ്ടെത്തിയത്. ആകെ 13440 രൂപയുടെ സാമ്പത്തിക തിരിമറി നടന്നതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തി. കുറ്റക്കാർക്കെതിരെ ശക്തമായ വകുപ്പ് തലനടപടി ഉണ്ടാകുമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

## കേരള മീഡിയ അക്കാദമി:
## ഫോട്ടോ ജേർണലിസം പരീക്ഷാഫലം

കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷനിൽ 2019 ജനുവരി ബാച്ച് ഫോട്ടോ ജേർണലിസം ഡിപ്ലോമ കോഴ്സിൽ നിതിൻ തങ്കപ്പന് ഒന്നാം റാങ്ക്. ബിജു ദാമോദരൻ രണ്ടാം റാങ്കും ജിനോ ജോയി മൂന്നാം റാങ്കും നേടി. കൊച്ചിയിലെ അക്കാദമി ആസ്ഥാനത്തും തിരുവനന്തപുരം ശാസ്തമംഗലത്തുള്ള അക്കാദമിയുടെ സബ്സെന്ററിലുമായി രണ്ട് ബാച്ചുകളായാണ് ഫോട്ടോ ജേർണലിസം കോഴ്സ് നടത്തുന്നത്.

## ദർഘാസ് ക്ഷണിച്ചു

തൃശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ചാലക്കുടി സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിനു കീഴിൽ ചാലക്കുടി ഗവ. ടിമ്പർ ഡെപ്പോയിൽ ഈ സാമ്പത്തിക വർഷത്തെ ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിങ്ങിനായി ദർഘാസ് ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കുന്ന അവസാന

തീയതി ജൂൺ 27. ഏതെങ്കിലും കാരണങ്ങളാൽ ദർഘാസ് നടക്കാതെ വന്നാൽ അടുത്ത തീയതിയായ ജൂൺ 29 ന് ദർഘാസ് സ്വീകരിക്കും. ഫോൺ : 0487-2320609, 9447979144.

അവസാനിച്ചു